# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജീവനക്കാര്യം - 15-ാം കേരള നിയമസഭയുടെ 1-ാം സമ്മേളനം - ജയിൽ ആസ്ഥാനകാര്യാലയത്തിൽ എൽ.എ. സെൽ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 24.05.2021 തീയതിയിലെ ആഭ്യന്തരം.പി.എസ്/85/2021/ആഭ്യന്തരം നമ്പർ സർക്കാർ കത്ത്.

**<u>ഉത്തരവ് നമ്പർ. E1-12655/2021/PrHQ; തീയതി : 25-05-2021</u>**

15-ാം കേരള നിയമസഭയുടെ 1-ാം സമ്മേളനം 24.05.2021ന് ആരംഭിച്ചു. ജയിൽ വകുപ്പിൽ നിന്നും നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി സമയബന്ധിതമായി നൽകുന്നതിനായി ഡിഐജി ഓഫ് പ്രിസൺസ് (ഹെഡ്ക്വാർട്ടേഴ്സ്) ശ്രീ. എസ്. സന്തോഷിന്റെ മേൽനോട്ടത്തിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ജയിൽ ആസ്ഥാനകാര്യാലയത്തിൽ എൽ.എ. സെൽ രൂപീകരിച്ച് ഉത്തരവാകുന്നു.

1. ശ്രീ. ഷാജുമുദ്ദീൻ എച്ച്., സീനിയർ ഫിനാൻസ് ഓഫീസർ.
2. ശ്രീമതി. കെ. വൽസല, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. ശ്രീ. വി.പി. സുനിൽകുമാർ, ചീഫ് വെൽഫെയർ ഓഫീസർ
4. ശ്രീമതി. അജന്തകുമാരി എസ്., പ്രോഗ്രാം ഓഫീസർ
5. ശ്രീമതി. ജിഷ എസ്.വി, ചീഫ് ഓഡിറ്റ് ഓഫീസർ
6. ശ്രീ. വി. ശ്രീകുമാർ, പി.എ.ടു ഡി.ജി.പി. & സി.എസ്
7. ശ്രീ. ജോയി.റ്റി, അക്കൗണ്ട്സ് ഓഫീസർ
8. ശ്രീ. രാജീവ്.എസ്, സീനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ.
9. ശ്രീമതി. പ്രീത വി.എസ്., സീനിയർ സൂപ്രണ്ട്, ഇൻസ്പെക്ഷൻ വിംഗ്.
10. ശ്രീ. ചന്ദ്രദാസ് കെ., സീനിയർ സൂപ്രണ്ട്, എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ.
12. ശ്രീമതി. സുമ സി., ജൂനിയർ സൂപ്രണ്ട്, ജനറൽ സെക്ഷൻ
13. ശ്രീമതി. മാന്യ എം.സി., ജൂനിയർ സൂപ്രണ്ട്, ഇൻസ്പെക്ഷൻ വിംഗ്.
14. ശ്രീമതി. ഷൈനി ജി., ജൂനിയർ സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ
15. ശ്രീമതി. ശോഭ ടി.കെ, ഫെയർകോപ്പി സൂപ്രണ്ട്.

എല്ലാ ജീവനക്കാരും എല്ലാ ദിവസവും വൈകുന്നേരം 6 മണിവരെ ഓഫീസിൽ തുടരേണ്ടതാണ്. പ്രവൃത്തി ദിവസങ്ങളിലും ഒഴിവുദിവസങ്ങളിലും വൈകുന്നേരം 6 മണി വരെ 1 ഓഫീസർ, 1 സെക്ഷൻ സൂപ്രണ്ട്, 1 ക്ലർക്ക്, 1 ടൈപ്പിസ്റ്റ്, 1 ഡ്രൈവർ/മെസഞ്ചർ, 1 ഓഫീസ് അറ്റൻഡന്റ് എന്നിവർ ജോലിയിൽ തുടരേണ്ടതാണ്.

1. അക്കൗണ്ട്സ് സെക്ഷൻ (24.05.2021 മുതൽ 27.05.2021 വരെ)
2. എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ (28.05.2021 മുതൽ 01.06.2021 വരെ)
3. ജനറൽ സെക്ഷൻ (02.06.2021 മുതൽ 06.06.2021 വരെ)
4. ഇൻസ്പെക്ഷൻ വിംഗ് (07.06.2021 മുതൽ 10.06.2021 വരെ)
5. പ്ലാനിംഗ് സെക്ഷൻ (11.06.2021 മുതൽ 14.06.2021 വരെ)

അതാത് സെക്ഷനുകളിലെ സൂപ്രണ്ടുമാർ ഡ്യൂട്ടി നോക്കുന്ന ക്ലർക്കിന്റെ പേര് പി.എ.ടു

ഡി.ജി.പി. & സി.എസ്-ന് കൃത്യമായി നൽകേണ്ടതാണ്. ഫെയർകോപ്പി സൂപ്രണ്ട് എൽ.എ. ഡ്യൂട്ടി നോക്കുന്ന ടൈപ്പിസ്റ്റ്/ഓഫീസ് അറ്റന്റഡന്റ്/ഡ്രൈവർ എന്നിവരുടെ പേര് വിവരങ്ങൾ നൽകേണ്ടതാണ്. നിയമസഭാ സമ്മേളന കാലാവധിയിൽ, അടിയന്തിര സാഹചര്യങ്ങളിലല്ലാതെ യാതൊരു അവധിയും അനുവദിക്കുന്നതല്ല. മേലധികാരിയുടെ മുൻകൂട്ടിയുള്ള അനുമതിയും, ജോലി ക്രമീകരണവും നടത്തിയ ശേഷം മാത്രമേ ലീവ് അനുവദിക്കുകയുള്ളൂ.

ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നും അയയ്ക്കുന്ന നിയമസഭാ ചോദ്യങ്ങളും, ജയിൽ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന മറുപടിയും സമയബന്ധിതമായി ശേഖരിച്ച് ബന്ധപ്പെട്ട സെക്ഷനുകളിൽ ഏല്പിക്കുന്നതിന് സ്റ്റേറ്റ് പ്രിസൺ കൺട്രോൾ റൂമിനെ ചുമതലപ്പെടുത്തുന്നു.

മേൽ കാര്യങ്ങളിൽ കോവിഡ് പ്രോട്ടോക്കോൾ കർശനമായും പാലിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ജയിൽ ആസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ് : കൺട്രോൾ റൂം/വെബ് സൈറ്റ്
ഓ.സി./എസ്.എഫ്